Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

5183- D-2016-KSHO 26 .12.2018

## സർക്കുലർ

വിഷയം: കുടുംബശ്രീ - നഗരസഭാതലത്തിൽ ഭവന നിർമ്മാണ യൂണിറ്റുകൾ രൂപീകരണ - പരിശീലന തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. കോഴിക്കോട് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 27/11/18 തീയതിയിലെ 2382/എ2/2017/കെഎസ്കെകെഡി നമ്പർ കത്ത്
2. 02.06.2018 ന് ലഭ്യമാക്കിയ ഇതേ നമ്പർ സർക്കുലർ.
3. 30/07/2018 ലെ ഇതേ നമ്പർ സർക്കുലർ.

മേൽ സൂചന (1) പ്രകാരം നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഭവന നിർമ്മാണ യൂണിറ്റുകളുടെ നിർമ്മാണ പരിശീലനത്തിന് ഫണ്ടിന്റെ ഉറവിടം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. മേൽ പരിശീലനം സൂചന (2) പ്രകാരമുള്ള മൊഡ്യൂളിൽ അംഗീകൃത ഏജൻസികൾ മുഖാന്തിരം നടത്താവുന്നതാണ്. അംഗീകൃത ഏജൻസികൾ ഇല്ലാത്തപക്ഷം സൂചന (3) പ്രകാരമുള്ള മൊഡ്യൂളിലും ഉൾപ്പെടുത്തി മേസണിന്റെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്. ടി പരിശീലനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ദിവസക്കൂലി ഇനത്തിൽ 200 രൂപയും യഥാർത്ഥ യാത്രാബത്തയും നൽകാവുന്നതാണ്. EST&P പദ്ധതി പ്രകാരം, അംഗീകൃത ഏജൻസികൾ മുഖാന്തിരം നഗരസഭകളിൽ നടത്തുന്ന പരിശീലനത്തിനും, ദിവസക്കൂലി ഇനത്തിൽ 200 രൂപയും, യഥാർത്ഥ യാത്രാ ചെലവും നൽകാവുന്നതാണ്. (EST&P യിൽ നിന്നും ക്ലെയിം ചെയ്യാവുന്ന ബത്ത കുറവ് ചെയ്യേണ്ടതാണ്). മേൽപ്പറഞ്ഞ പരിശീലനത്തിന് ആവശ്യമായി വരുന്ന തുക സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ ME 37 എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ നഗരസഭ സെക്രട്ടറിമാർക്കും

ഉത്തരവിൻപ്രകാരം,

അക്കൗണ്ട്സ് ഓഫീസർ

TRIDA Building, Medical College P.O, Thiruvananthapuram 695011
T. 0471 255 4714, 255 4715(0) F. 0471 255 4717
info@kudumbashree.org www.kudumbashree.org